Email:
**contact.seckerala@gmail.com**
**cru.sec@kerala.gov.in**

# വാർത്താക്കുറിപ്പ്

TELEPHONE: 0471-2328158
MOBILE : 8281000127

**www.sec.kerala.gov.in**

കേരള സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ

13rd **March 2024**

## ക്കൂറുമാറ്റം : മൂവാറ്റുപുഴ മുനിസിപ്പൽ കൗൺസിലറെ അയോഗ്യയാക്കി

മൂവാറ്റുപുഴ മുനിസിപ്പാലിറ്റി 13-ാം വാർഡ് കൗൺസിലർ പ്രമീള ഗിരീഷ്കുമാറിനെ കൂറുമാറ്റനിരോധന നിയമപ്രകാരം സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷണർ എ. ഷാജഹാൻ അയോഗ്യയാക്കി.

രണ്ട് വ്യത്യസ്ത കേസുകളിലാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ മുനിസിപ്പൽ കൗൺസിലറെ അയോഗ്യയാക്കി വിധികൾ പുറപ്പെടുവിച്ചത്. മൂവാറ്റുപുഴ മുനിസിപ്പൽ ചെയർപേഴ്സൺ പി.പി.എൽദോസ് സമർപ്പിച്ച ഹർജികളിലാണ് കമ്മീഷന്റെ നടപടി.

നിലവിൽ കൗൺസിലറായി തുടരുന്നതും 2024 മാർച്ച് ഏഴ് മുതൽ ആറ് വർഷത്തേക്ക് ഏതെങ്കിലും തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള തിരഞ്ഞെടുപ്പിൽ മത്സരിക്കുന്നതും വിലക്കിയാണ് കമ്മീഷൻ ഉത്തരവായത്.

പരാതിക്കാരനായ പി.പി.എൽദോസും, പ്രമീളഗിരീഷ്കുമാറും ഇന്ത്യൻ നാഷണൽ കോൺഗ്രസ് സ്ഥാനാർത്ഥികളായി 2020ലെ തദ്ദേശസ്ഥാപനങ്ങളിലേക്കുള്ള പൊതുതിരഞ്ഞെടുപ്പിൽ വിജയിച്ച് കൗൺസിലറായവരാണ്.

ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി അംഗമായിരുന്ന പ്രമീള ഗിരീഷ്കുമാർ 2022 ആഗസ്റ്റ് ഒന്നിന് പാർട്ടി വിപ്പ് ലംഘിച്ച് ക്ഷേമകാര്യസ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാനെതിരെയുള്ള അവിശ്വാസപ്രമേയത്തിന് അനുകൂലമായി വോട്ട് ചെയ്തുവെന്നതാണ് ആദ്യത്തെ ഹർജി.

ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ സ്ഥാനത്തേക്ക് 2022 ആഗസ്റ്റ് ഒന്നിന് ഉണ്ടായ ആക്സമിക ഒഴിവിലേക്ക് പാർട്ടി വിപ്പ് ലംഘിച്ച് പാർട്ടിയുടെ

ഔദ്യോഗിക സ്ഥാനാർത്ഥിക്കെതിരെ മത്സരിക്കുകയും, വോട്ട് രേഖപ്പെടുത്തുകയും ചെയ്തുവെന്നതാണ് രണ്ടാമത്തെ കേസ്.

2022 ആഗസ്റ്റ് 20 ന് നടന്ന ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ തിരഞ്ഞെടുപ്പിൽ പ്രമീളഗിരീഷ്കുമാർ പാർട്ടിയുടെ ഔദ്യോഗിക സ്ഥാനാർത്ഥിയെ തോൽപ്പിക്കുകയും ചെയ്തിരുന്നു.

രണ്ട് കേസുകളിലും, പ്രമീളഗിരീഷ്കുമാർ കൂറുമാറിയെന്ന് കണ്ടെത്തിയാണ് സംസ്ഥാന തിരഞ്ഞെടുപ്പ് കമ്മീഷൻ അയോഗ്യയാക്കിയത്.

(എസ്.ഇ.സി 09/2024 )